(ബി) അതിൽ പാപ്പനംകോട്ട് സ്ഥാപിച്ചിരിക്കുന്ന കലണ്ടറിങ്ങ് പ്ലാൻറിനു് ആകെ എത്ര രൂപാ ചിലവായിട്ടുണ്ടു് ;

(സി) അതിന്റെ പ്രവർത്തനം പുനരുദ്ധരിക്കാൻ എന്തെങ്കിലും നടപടി അടിയന്തിരമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതു് എന്തെന്നു പറയുമോ ?

വ്യവസായ മന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) കൈത്തറി ഉൽപ്പന്നങ്ങൾ സ്റ്റാൻറാർഡൈസ് ചെയ്യുന്നതിനു് സർക്കാർ ഉടമയിൽ സ്ഥാപനങ്ങൾ ഒന്നും ഇല്ല. തുണികൾ പ്രോസസ് ചെയ്യുന്നതിനു് പാപ്പനംകോട്ടുള്ള ബ്ലീച്ചിംഗ് ആൻറ് കലണ്ടറിംഗ് ഫാക്ടറി പ്രവർത്തിക്കുന്നുണ്ടു്.

(ബി) 10.4 ലക്ഷം രൂപ ചെലവായിട്ടുണ്ടു്.

(സി) ഉണ്ടു്.

കേരളാസ്റ്റേറ്റു് ചെറുകിട വ്യവസായ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ബ്ലീച്ചിംങ്ങു് ആൻറു് കലണ്ടറിംങ്ങു് പ്ലാൻറിനോടനുബന്ധിച്ചു് വാഷിംങ്ങു് ആൻറു് സൈസിങ്ങു് പ്ലാൻറു് സ്ഥാപിക്കുന്നതിന്റെ ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ 49 പവ്വർലൂമുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടു്. പ്രസ്തുത തറികളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന തുണികൾ ഈ ഫാക്ടറിയിൽത്തന്നെ പ്രോസസ് ചെയ്യാവുന്നതാണു്. ഈ സ്ഥാപനത്തിന്റെ നടത്തിപ്പിലേക്കു് പ്രത്യേകമായിതന്നെ ഒരു സ്ഥാപനം പ്രവർത്തിപ്പിക്കാൻ പരിപാടിയുണ്ടു്. വാഷിങ്ങു് ആൻറു് സൈസിങ്ങു് പ്ലാൻറിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന 'സൈസ്ഡ് വാർപ്പ്സ്' സഹകരണമേഖലയിലുള്ള പവ്വർലൂം ഫാക്ടറികളുടെ ആവശ്യത്തിലേക്കായി വിനിയോഗിക്കാനും സഹകരണമേഖലയിൽ അതു് ഉപയോഗിച്ചുണ്ടാക്കുന്ന തുണികൾ ഫാക്ടറിയിൽനിന്നും പ്രോസസ് ചെയ്യുവാനും ഈ പദ്ധതി ഉപകരിക്കുന്നതാണു്.

മണലിഷ്ടിക ഫാക്ടറികൾ

* 43. [104] ശ്രീ. വി. വി. ദക്ഷിണാമൂർത്തി :
ശ്രീ. കെ. ചാത്തുണ്ണി മാസ്റ്റർ :
ശ്രീ. വി. എസ്. അച്യുതാനന്ദൻ :
ശ്രീ. എസ്. ദാമോദരൻ :
ശ്രീ. പാലൊളി മുഹമ്മദുകുട്ടി :
താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസന സാദ്ധ്യതകളുള്ള മണലിഷ്ടിക ഫാക്ടറികൾ കേരളത്തിന്റെ വിവിധഭാഗങ്ങളിൽ തുടങ്ങുന്നതിനു് ഗവണ്മെൻറു് തയ്യാറാകുമോ ;

(ബി) പേത്തല മണലിഷ്ടിക ഫാക്ടറിയുടെ പ്രവർത്തനം ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറിന്റെ അവഗണനമൂലം നടപ്പിൽ വരാതിരിക്കുന്നു എന്ന പരാതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാർഷികപുരോഗതിയെക്കൂടി കണക്കിലെടുത്തു് പ്രസ്തുത ഫാക്ടറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനു് ഗവണ്മെൻറു് തയ്യാറാകുമോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്)

(എ) ഉദ്ദേശിക്കുന്നില്ല.

(ബി) ഇല്ല.

(സി) ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്

LIBRARY ARCHIVES Kerala Legislative Assembly